പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1085 — 10.06.2019 ൽ മറുപടിയ്ക്ക്

## തിരുവമ്പാടി ഗവ. ഐ.ടി.ഐ.യുടെ കെട്ടിടനിർമ്മാണം

*ചോദ്യം*

ശ്രീ.ജോർജ് എം. തോമസ് :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ തിരുവമ്പാടി ഗവണ്മെന്റ് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം ആരംഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ) ഉണ്ട് |
| (ബി) സാങ്കേതികാനുമതി ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | (ബി) തിരുവമ്പാടി ഐ.ടി.ഐയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നത് CMP Architect എന്ന സ്ഥാപനമായിരുന്നു. PWD ഇതര ഏജൻസി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആയതിനാൽ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പൊതുമരാമത്ത് വകുപ്പ് ഉന്നയിച്ചിട്ടുണ്ട്. |
| (സി) ഈ വിഷയം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | | (സി) പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികളുടെ അവലോകനത്തിനായി തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/05/2019 ൽ കോഴിക്കോട് കളക്ടറേറ്റിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്കുള്ള വിശദമായ ഡ്രോയിംങ്, എസ്റ്റിമേറ്റ് എന്നിവ അടിയന്തിരമായി തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം), സൂപ്രണ്ടിങ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് Architectural വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കുന്ന ഡി.പി.ആർ. ന് സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡറില്ലാതെ പ്രവൃത്തി ഏൽപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | | (ഡി) ഈ വിഷയം തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ